വർഷം	വിപണി ഇടപെടലിന് അധികമായി ചെലവായ തുക (കോടിയിൽ)
2008-09	31.22
2009-10	123.33
2010-11	42.50
2011-12	46.61
2012-13	153.55
2013-14	201.94
2014-15	114.35
ആകെ	713.50

വിവിധ പദ്ധതികൾ നടപ്പിലാക്കുകവഴി സപ്ലൈകോയ്ക്ക് ഒരു വർഷം ഉണ്ടാകാവുന്ന അറ്റനഷ്ടമായിരിക്കും സർക്കാർ നല്കാനുള്ള കുടിശ്ശിക. ഇതു 2010-11-ൽ 5.41 കോടി രൂപയും, 2011-12 വർഷം 39.22 കോടി രൂപയുമായിരുന്നു. ഇതിനുശേഷമുള്ള കാലയളവിൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല.

ഓണക്കിറ്റ് വിതരണം

287 (1344) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകി വരുന്ന ഓണക്കിറ്റ് ഈ വർഷത്തെ ഓണത്തിന് വിതരണം ചെയ്യുകയുണ്ടായോ;

(ബി) ഓണക്കിറ്റിനർഹതപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾ എത്രയാണ്; ഇതിൽ എത്ര പേർക്ക് കിറ്റ് വിതരണം ചെയ്തു;

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു; ഏത് തിയതിയിൽ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻ വർഷം എത്ര കോടി രൂപ പ്രസ്തുത ഇനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും നൽകുകയുണ്ടായി; ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയത് എത്ര;

(ഇ) ഓണത്തിന് വിപണിയിൽ ഇടപെടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയായിരുന്നു; ഓണത്തിന് മുമ്പ് എന്ത് തുക ഇതിൽ അനുവദിച്ചു കിട്ടിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിതരണം ചെയ്തിരുന്നു.

(ബി) റേഷൻ കാർഡ് ഹാജരാക്കിയ 1527644 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുവാൻ 2013-14 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നോ ദുരിതാശ്വാസ നിധിയിൽ നിന്നോ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഇ) 2014-15 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ അനുവദിച്ച 65 കോടി രൂപയ്ക്കു പുറമേ ഓണത്തിന് വിപണിയിൽ ഇടപെടാൻ സപ്ലൈകോ സർക്കാരിനോട് 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഡ്ജറ്റ് തുക മാത്രമാണ് അനുവദിച്ച് നൽകിയത്.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

288 (1345) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം നിലനിറുത്തുന്നതിനും, വിലക്കയറ്റം തടയുന്നതിനുമായി മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന പതിമൂന്നിന നിത്യോപയോഗ സാധനങ്ങളുടെ വില പൊതുവിപണിയിലെ വിലയ്ക്ക് തുല്യമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വില വർദ്ധനവ് ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly